

# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

JULY YEAR: 2024

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 42** | **July 2024** | **No.07**

## എഡിറ്റോറിയൽ

വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആത്മിക ജീവിതത്തിലും സമാധാനത്തിന് വളരെ പ്രസക്തിയുണ്ട്. കർത്താവ് ഈ ലോകത്തിലേക്ക് വന്നതു തന്നെ സമാധാനം ഉണ്ടാക്കുവാനാണ്. സമാധാനം നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ വരുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, ശത്രു മനുഷ്യമനസിൽനിന്ന് സമാധാനം എടുത്തുകളയുവാനാണ് ശ്രമിക്കുന്നത്. കർത്താവ് മനുഷ്യനായി ജീവിച്ചപ്പോൾ നൽകിയ ഉപദേശങ്ങൾ എല്ലാവരും അനുസരിക്കണം. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്നാണ് അവൻ അരുളിച്ചെയ്തിരിക്കുന്നത്. എല്ലാവരും സമാധാനം കാംക്ഷിക്കുന്നവരാണ്. പക്ഷെ ആളുകളുടെ സംസാരവും പെരുമാറ്റവും പ്രവൃത്തികളുമാണ് സമാധാനം തകർക്കുന്നത്. ചുരുക്കി പറഞ്ഞാൽ നിയമലംഘനമാണ് സമാധാനം ഇല്ലാതാകുവാനുള്ള കാരണം. പാപമാണല്ലോ ദൈവം നമ്മിൽനിന്നും അകലുവാനുള്ള കാരണം. പാപത്തിൽ ജീവിക്കുന്നവരുടെ പ്രാർത്ഥന പോലും ദൈവം വെറുക്കുന്നു. കാരണം അവൻ പാപത്തെ വെറുക്കുന്നവനാണ്. അതേ സമയം അവൻ പാപിയെ സ്നേഹിക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് ഇത് അസാധ്യമാണ്. മാനുഷിക കാഴ്ച്ചപ്പാട് അനുസരിച്ചാണ് ആളുകൾ ആളുകളോട് പെരുമാറുന്നത്. ദൈവം സ്നേഹമാകയാൽ അവൻ എല്ലാവരോടും സ്നേഹത്തോടുകൂടിയാണ് ഇടപെടുന്നത്. കാരണം എല്ലാ മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണ്.

ദൈവ നിയമത്തിന് വിരുദ്ധമായി സംസാരിക്കുകയും പ്രവർത്തി

ക്കുയും ചെയ്യുമ്പോൾ നാം ദൈവത്തിന്റെ മക്കളല്ലാതാകുന്നു. ദൈവത്തിന്റെ ആദ്യ ആജ്ഞ സംഘിച്ചപ്പോൾ മനുഷ്യരെ ദൈവം ഏദെൻ തോട്ടത്തിൽനിന്നു പുറത്താക്കിയ ചരിത്രമാണ് നാം വായിക്കുന്നത്. എന്തിനേയും ഏതിനേയും എതിർക്കുന്നവരും. അതിനെ ചോദ്യം ചെയ്താൽ ഉപദ്രവിക്കയും അക്രമിക്കുകയും ചെയ്യുന്ന സമുഹമാണ് നമുക്ക് ചുറ്റുമുള്ളത്. പക്ഷെ ഒരു കുടുംബത്തിലെ അംഗങ്ങൾ എല്ലാം പൊറുക്കുകയും ക്ഷമിക്കുകയും ചെയ്താൽ മറ്റുള്ളവരെ ബഹുമാനിക്കുകയും കണക്കാക്കുകയും ചെയ്യുന്നു എന്നു മനസിലാക്കാം. അല്ലെങ്കിൽ പരസ്പരം കടിച്ചുകീറുന്ന മനോഭാവമാണുള്ളതെങ്കിൽ വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾ ഒന്നും നേരെ ചൊവ്വേ പോകുകയില്ല. ചില ഭവനങ്ങളിൽ സമാധാനത്തിനു പകരം കലഹമാണ് സംഭവിക്കുന്നത്. അത് അവരുടെ ഭോഗേച്ഛ കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. സൗമ്യതയുള്ളവർക്കേ സഹിഷ്ണുത കാണുകയുള്ളു. സമാധാനത്തിന് സൗമ്യതയും, താഴ്മയും സഹിഷ്ണുതയും അനിവാര്യമാണ്. കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനം ആചരിപ്പിൻ. കർത്താവ് സമാധാനപ്രഭുവാണ്. അവൻ തന്റെ സമാധാനം ശിഷ്യന്മാർക്ക് നൽകിയിട്ടാണ് പോയത്.

ലോകം തരുന്ന സമാധാനം വൈകാരികവും ഭൗതികവുമായതിനാൽ അത് താൽക്കാലികമാണ്. എന്നാൽ ദൈവം തരുന്ന സമാധാനം നിത്യമാണ്. ആ സമാധാനം യേശുക്രിസ്തു മുഖാന്തരമാണ് ലഭിക്കുന്നത്. നമ്മുടെ പാപങ്ങൾ മോചിച്ചുതരുവാൻ യേശുക്രിസ്തു പ്രാപ്തനാണ്. കാരണം അവൻ പാപികൾക്കായി ഏക പ്രായശ്ചിത്ത ബലിയായി തീർന്നു. നാം ദൈവത്തോട് നിരന്നുകൊള്ളുമ്പോഴാണ് നമ്മുടെ ഉള്ളിൽ സമാധാനം വരുന്നത്. പാപങ്ങൾ വെച്ചുകൊണ്ടിരുന്നാൽ നമ്മുടെ മനസാക്ഷി നമ്മെ കുറ്റം വിധിച്ചുകൊണ്ടിരിക്കും. പക്ഷെ അവൻ നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. മനുഷ്യരോടും ദൈവത്തോടും നാം നിരന്നുകൊള്ളണമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ചിലർ മനുഷ്യരോട് നിരപ്പ് പ്രാപിക്കാതെ ദൈവത്തോട് നിരന്നാൽ മതി എന്നു കരുതുന്നു. അത് ദൈവഹിതപ്രകാരമുള്ള കാഴ്ച്ചപ്പാടല്ല. യേശുക്രിസ്തു അരുളിച്ചെയ്തത്, ഈ ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തത് എനിക്കു ചെയ്തു എന്നാണ്. പുതിയനിയമത്തിൽ അപ്പൊസ്തലന്മാർ മുഖേന നമുക്ക് നൽകിയിരിക്കുന്നത് ഒരു സമാധാന സുവിശേഷവും നിരപ്പിന്റെ ശുശ്രുഷയുമാണ്. എന്റേയും നിങ്ങളുടേയും ഉള്ളിൽ സമാധാനം തരുന്ന ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതത്തെ നമുക്ക് ഭരമേൽപിക്കാം. സമാധാനത്തിന്റെ ദൈവം നിങ്ങളെ കാത്തുകൊള്ളട്ടെ.

✶

# പാപിയുടെ പ്രാർത്ഥന

**ജെ.സി. ഫിലിപ്പോട്ട്**

ധാരാളം ഉപദേഷ്ടക്കൾ പ്രാർത്ഥിച്ചു കേൾക്കാറുള്ള ഒന്നാണ്. അവരുടെ ശൈലിയിൽ പറഞ്ഞാൽ പാപിയുടെ പ്രാർത്ഥന. ഈ ഉപദേഷ്ടാക്കൾ തങ്ങളുടെ പരസ്യ പ്രസംഗ ങ്ങൾക്കുശേഷം രക്ഷിക്കപ്പെടാത്തവരായ ആളുകൾ മുൻപോട്ടു വരുവാനായി അവർ ക്ഷണിക്കും. കുറേപേർ സദസിൽ നിന്നു അവരുടെ അടുക്കൽ ചെല്ലും. അവരോടു നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിക്കുന്നുവോ എന്നു ചോദിക്കും. അവർ ഉവ്വ് എന്നു മറുപടി പറയും. എങ്കിൽ ഞാൻ പ്രാർത്ഥിക്കണം എന്നു പറയും. ഏതാണ്ട് ഇതുപോലെ പ്രാർത്ഥിക്കും. പിതാവായ ദൈവമേ ഒരു പാപിയായ ഞാൻ ഇതാ നിന്റെ മുൻപിൽ നിൽക്കുന്നു. ഇപ്പോൾ നീ എന്റെ പാപങ്ങൾ ക്ഷമിച്ചു എന്നെ ഒരു ദൈവ പൈതലാക്കി സ്വീകരിക്കേണമേ. യേശുവിന്റെ നാമ ത്തിൽ ഈ പ്രാർത്ഥന കേൾക്കേണമേ. ഈ പ്രാർത്ഥനയ്ക്കു ശേഷം ഉപദേഷ്ടാവ് പരസ്യമായി പ്രഖ്യാപിക്കുന്നതു എന്തെ ന്നാൽ പാപിയുടെ പ്രാർത്ഥന ചൊല്ലിയ എല്ലാവരുടേയും പാപ ങ്ങൾ മോചിക്കപ്പെടുകയും അവർ ദൈവമക്കൾ ആയി തീരു കയും ചെയ്തിരിക്കുന്നു എന്നാണ്. ഇതു ശരിയാണെന്നു വിശ്വ സിച്ചിരിക്കുന്നവർ അനവധിയുണ്ട്.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ ഒരു തെറ്റു ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. വചനത്തിൽ ഒരിടത്തും പാപിയുടെ പ്രാർത്ഥന എന്ന പേരിൽ ഒരു പ്രാർത്ഥനേയുമില്ല. പാപി പ്രാർത്ഥിച്ചാൽ അവന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുക്കും എന്നു കർത്താവു ഒരിക്കലും വാഗ്ദാനം ചെയ്തിട്ടുമില്ല. മനു ഷ്യനിൽ നിന്നു ആരംഭിച്ച ഒരു പ്രാർത്ഥനയും ഉപദേശവുമത്രെ ഇത്. ഈ പ്രാർത്ഥന ചൊല്ലിയാൽ രക്ഷിക്കപ്പെടും എന്നു അന്ധ മായി വിശ്വസിച്ചിരിക്കുന്നവർ വഞ്ചിതരായിരിക്കുകയാണ്. തെറ്റു

പഠിച്ചിരിക്കുന്നവരും തെറ്റു വിശ്വസിച്ച് പിൻ പറ്റിയിരിക്കുന്നവരുമായ ഈ ഉപദേഷ്ടാക്കൾ തന്നെ നഷ്ടപ്പെട്ടവരാണ്. ആകയാൽ അവരുടെ പ്രസംഗം കേട്ട് ആ പ്രാർത്ഥന ചൊല്ലുന്നവരും നഷ്ടപ്പെട്ടവരുടെ ഗണത്തിൽ തന്നെയാണ്. ഉപദേഷ്ടാക്കൾ സത്യം സംസാരിക്കേണ്ടവരും അതു പഠിക്കേണ്ടവരുമാണ്. കർത്താവിന്റെ ഉപദേശത്തിൽ മായം കലർത്തി പഠിപ്പിക്കുന്നത് ശിക്ഷാർഹമാണ്. ശരിയായ പരിജ്ഞാനം ലഭിച്ചവരെ കർത്താവിന്റെ വചനം എടുത്തു ഉപയോഗിക്കാവൂ. അല്ലെങ്കിൽ അത് ഇരട്ടി ശിക്ഷാവിധിക്ക് കാരണമായി തീരും.

ദയവായി അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം മുഴുവനായി വായിക്കുക. അവിടെ 11 പരിവർത്തന മാതൃക വായിക്കാവുന്നതാണ്. അവയിൽ ഒരു സാഹചര്യത്തിൽ പോലും പാപക്ഷമാപണത്തിനായി പാപിയുടെ പ്രാർത്ഥന ചൊല്ലുവാൻ പറഞ്ഞിട്ടില്ല. തിരുവെഴുത്തുകളെ പരിശോധിച്ച് ആ അരുളപ്പാടുകളെ മാത്രം പ്രസ്താവിക്കയാണ് ഉപദേഷ്ടാക്കളുടെ ധർമ്മം (1 പത്രോസ് 4:11).

പരിവർത്തന ചരിത്ര വിവരണങ്ങൾ ചിലതു നമുക്കു വായിച്ചു പരിശോധിക്കാം. യേശു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തകൊസ്തു നാളിൽ ലോകത്തിൽ എങ്ങുമുണ്ടായിരുന്ന യെഹൂദരന്മാർ എല്ലാവരും യെരുശലേമിൽ ഒരുമിച്ച് കൂടിയിരുന്നു. ആ സമയം അപ്പൊസ്തലന്മാർ യേശു തങ്ങൾക്കു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മശക്തി ലഭിക്കേണ്ടതിനായി കാത്തിരിക്കുകയായിരുന്നു (ലൂക്കൊസ് 24:49; പ്രവൃത്തി 1:8). ആ ശക്തി അപ്പൊസ്തലന്മാർക്കു ലഭിച്ചപ്പോൾ അവർ അന്യഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങൾ സദസ്യരോടു പ്രസ്താവിച്ചു. ദൈവം അവരിൽ പ്രവർത്തിച്ചു എന്നതിന്റെ തെളിവായിരുന്നു അത്. അവർ വിവരിച്ചു പറഞ്ഞതു: പ്രവാചകൻമാരുടെ വചനം നിവൃത്തിയായി, യേശു നന്മ ചെയ്തു കൊണ്ടു ജനത്തെ സേവിച്ചു. എന്നാൽ ദുഷ്ടന്മാർ അവനെ ക്രൂശിൽ തറച്ചു കൊന്നു. പക്ഷേ അവൻ ഉയർത്തെഴുന്നേറ്റ്

സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തേക്കു പോയി. രാജാധി രാജാവും കർത്താവുമായി തീർന്നു.

ഇതു കേട്ട യെഹൂദൻമാരുടേയും ഹൃദയത്തിൽ കുത്തു കൊണ്ടു. അവർ യേശു ക്രിസ്തുവിൽ വിശ്വസിച്ചു. അതു കൊണ്ടു അവർ ചോദിച്ചു: സഹോദരൻമാരായ പുരുഷൻമാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു?

അതിനു പത്രോസും ശേഷം അപ്പൊസ്തലൻമാരും അവരോടു പറഞ്ഞതെന്താണ്? മാനസാന്തരപ്പെട്ട് പാപിയുടെ പ്രാർത്ഥന ചൊല്ലുവാനല്ല പറഞ്ഞതു. വചനത്തിൽ പറയുന്നതു: പത്രോസ് അവരോടു: നിങ്ങൾ ഒരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേറ്റു, അന്നു മൂവായിരം പേർ അവരോടു ചേർന്നു; കർത്താവു രക്ഷിക്കപ്പെടുന്നതാണ് തെളിയിക്കുന്നതു (പ്രവൃത്തി 2:41-47). അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു.

ഇതു പറഞ്ഞതുകൊണ്ടു പാപി പ്രാർത്ഥിക്കരുത് എന്നല്ല, പ്രാർത്ഥനകൊണ്ടു മാത്രം പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല. പ്രാർത്ഥിച്ചാൽ പാപക്ഷമാപണത്തിനുള്ള അവസരം ദൈവം ഒരുക്കി തരും. ആ അവസരം ഉപയോഗിച്ചാൽ ആ വ്യക്തിക്കു പ്രയോജനമുണ്ടാകും. ദൈവ മക്കൾ ആയി തീരുന്നതിനു മുൻപ് ആളുകൾ ദൈവത്തോടുള്ള ബന്ധത്തിൽ അല്ല ജീവിക്കുന്നത്. ദൈവത്തെ അനുസരിച്ച് അവന്റെ ഭവനത്തിൽ ജനിക്കാതെ ആർക്കും ദൈവ മക്കളാകാൻ സാദ്ധ്യമല്ല. എന്നാൽ വീണ്ടും ജനിച്ചു ദൈവമക്കളായി തീർന്നവരുടെ അപേക്ഷ ദൈവം കൈകൊള്ളും.

ഐത്യോപ്പ്യക്കാരനായ ഒരാളുടെ പരിവർത്തനം വിവരിച്ചിരിക്കുന്നതും പരിശോധിക്കാം. ഫിലിപ്പൊസ് എന്ന സുവിശേഷകൻ മരുഭൂമിയിൽ വെച്ച് ഈ മനുഷ്യനെ കണ്ടുമുട്ടി. അവൻ യെരുശലേമിൽ ദൈവത്തെ നമസ്ക്കരിച്ചു വീട്ടിലേക്കു മടങ്ങുകയായിരുന്നു. തേരിൽ യാത്ര ചെയ്തുകൊണ്ടു അവൻ യെശയ്യാ പ്രവാചകന്റെ പുസ്തകം അമ്പത്തിമൂന്നാം അദ്ധ്യായം വായിക്കുകയായിരുന്നു. അവൻ വായിക്കുന്നതു മനസിലാകുന്നുണ്ടോ എന്നു ഫിലിപ്പോസ് അവനോടു ചോദിച്ചു. ഐത്യോപ്പ്യൻ ഫിലിപ്പൊസിനെ ക്ഷണിച്ചു; പൊരുൾ തിരിച്ചു കൊടുപ്പാൻ ഫിലിപ്പൊസ് തയ്യാറായി. അങ്ങനെ അവൻ സ്നാനം ഏല്ക്കുവാൻ എന്തു വിരോധം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു. യേശു ദൈവ പുത്രനാണെന്നു അവൻ വിശ്വസിക്കുന്നതായി ഏറ്റു പറയുകയും ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു (പ്രവൃത്തി 8:36-39).

പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നതാണ് വചനം നമ്മെ പഠിപ്പിക്കുന്നതു (യോഹന്നാൻ 9:31). ദൈവ ഭക്തനായി ജീവിച്ച് ദൈവേഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം കേൾക്കുകയും മറുപടി തരികയും ചെയ്യും.

★

# യേശു-ക്രിസ്തു

## ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ മൃദുവായി ഒരു പാട്ടുപാടി തിമൊഥിയെ തട്ടിത്തട്ടി ഉറക്കി. അപ്പോൾ അവൾ വിചാരിച്ചു, “അവനെത്ര വേഗമാണ് വളർന്നത്. ഒരു വർഷം അതി വേഗത്തിൽ കടന്നുപോയി. കുറച്ചു ദിവസങ്ങൾ കൂടെ കഴിഞ്ഞാൽ അവന്റെ ജന്മദിനം ആഘോഷിക്കാറായല്ലോ. തന്നെയുമല്ല ഈ ഒരു വർഷം

കൊണ്ടു തങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം മാറ്റമുണ്ടായി" എന്നും അവർ ഓർത്തു.

പെട്ടെന്നു അവൾ പോയി ബൈബിൾ എടുത്തു ഫിലിപ്പിയ ലേഖനം വായിക്കാൻ തുടങ്ങി. പൗലോസ്, തന്റെ സഹവിശ്വാസികളെ സ്നേഹിക്കുന്ന സ്നേഹപ്രകടനമാണ് അതിലുള്ളതു. അവളെ വളരെ ആകർഷിച്ച വേദഭാഗമാണത്. "ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു (ഫിലിപ്പിയർ 1:3–4).

പലപ്പോഴും അവൾ, തങ്ങളുടെ ക്രിസ്തുവിലായി തീർന്ന സഹോദരിമാരെയും സഹോദരന്മാരെയും കുറിച്ച് ചിന്തിച്ചിട്ടുണ്ട്. ബൈബിൾ മാത്രം വായിച്ച് അനുസരിച്ച് പിൻപറ്റുന്ന ക്രിസ്ത്യാനികൾ ബൈബിൾ എവിടെയൊക്കെ ഉണ്ടാകും എന്നു ചിന്തിക്കാൻ തുടങ്ങി. ബൈബിൾ അനുസരിക്കുവാൻ കൂടുതൽ പേർ തയ്യാറാകും എന്ന പ്രത്യാശയും അവർക്കുണ്ട്.

ഫിലിപ്പിയർ രണ്ടാം അദ്ധ്യായം അഞ്ചാം വാക്യത്തിലേക്കു അവൾ തിരിഞ്ഞു വായന തുടങ്ങി. "ക്രിസ്തു യേശുവിലേക്കുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ; അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസ രൂപമെടുത്തു മനുഷ്യസാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; അങ്ങന യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ

നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവ ത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടി വരും (ഫിലിപ്പിയർ 2:5-11).

എത്ര താല്പര്യം ജനിപ്പിക്കുന്ന ഭാഗമാണിത്! അവൻ തന്നെത്താൻ പറഞ്ഞു. എല്ലായ്പ്പോഴും ദൈവ പുത്രനായിരുന്നു ദൈവത്തെ പൂർണ്ണമായി അനുസരിച്ചു വന്നിരുന്നു. ഭൗതികമായി മക്കൾ തങ്ങളുടെ അപ്പന്മാരെ ഇതുപോലെ അനുസരിച്ചാൽ എത്ര നന്നായിരുന്നു. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നതു:

ദൈവത്തോടു തുല്യത ഉണ്ടായിരുന്നതു സ്വർഗ്ഗത്തിൽ വിട്ടിട്ടാണ് വന്നത്. ഈ അനുസരണത്തെ കുറിച്ച് അന്ത്രെയോസ് വരുമ്പോൾ ചോദിക്കണമെന്നു അവൾ വിചാരിച്ചു.

അന്ത്രെയോസ് വാതിൽക്കൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ റാഹേലിനു തന്റെ സംശയവും ആകാംഷയും പറയണമെന്നു തോന്നി. അവൾ പറഞ്ഞു: ഇന്നത്തെ നമ്മുടെ മറ്റെല്ലാ കാര്യ ങ്ങളും മാറ്റിയിട്ട്, ഈ വചനങ്ങളെ വായിച്ച് എനിക്ക് പറഞ്ഞു തരാമോ എന്നു അവൾ തന്റെ ഭർത്താവിനോടു ചോദിച്ചു.

പുഞ്ചിരിച്ചുകൊണ്ടു അന്ത്രെയോസ് പറഞ്ഞു. തീർച്ച യായും പറഞ്ഞുതരാം. നിനക്കു ബാല്യം മുതലേ ക്രിസ്തുവിൽ വിശ്വാസമുണ്ടല്ലോ, പിന്നെന്താണ് ഇപ്പോൾ സംശയം വരാൻ കാരണം എന്നു ചോദിച്ചു. എന്താണ് പ്രത്യേകമായി പഠിക്കാ നുള്ളത് എന്നു ചോദിച്ചു.

യേശുക്രിസ്തുവിനെ ആരംഭം മുതൽ നിങ്ങൾ എങ്ങനെ യാണ് മനസിലാക്കിയത്? റാഹേൽ ഭർത്താവിനോടും ആരാ ഞ്ഞു. ദൈവ പുത്രനായിട്ട് അവൻ മറുപടിയും പറഞ്ഞു.

പക്ഷെ ഫിലിപ്പിയ ലേഖനം രണ്ടാം അദ്ധ്യായം ഞാൻ വായിച്ചപ്പോൾ അവിടെ അവൻ ദൈവത്തോടു സമത്വമുള്ളവ നായിട്ടും തന്നത്താൻ ഒഴിച്ചു മനുഷ്യ വേഷത്തിൽ വന്നതായും പറയുന്നുണ്ടല്ലോ അങ്ങനെ അവൻ അനുസരണമുള്ളവനായി

തീർന്നു എന്നും കാണുന്നു. ഈ ഒരു കാഴ്ചപ്പാടിൽ യേശുവിനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? എന്നു ചോദിച്ചു. ഞാൻ അങ്ങനെ കണ്ടിട്ടില്ല. എന്നു അവനും സമ്മതിച്ചു. അതാണ് ആ വാക്യങ്ങൾ നൽകുന്ന അർത്ഥമെങ്കിൽ ഇന്നു രാത്രി നമുക്ക് ധാരാളം പഠിക്കുവാനുണ്ട് എന്നു അന്ത്രായോസ് പറഞ്ഞു.

വൈകുന്നേരം അത്താഴം കഴിച്ചു ജോലി എല്ലാം തീർത്തു. തിമൊഥി കളിക്കാനും പോയി. അപ്പോൾ വചനം പഠിക്കുവാനായി അന്ത്രയോസും റാഹേലും ഇരുന്നു. പൊതുവായി നാം ഇതുവരെ ചെയ്തുവന്ന കാര്യങ്ങളിൽ നിന്നു വിഭിന്നമായി പ്രവർത്തിക്കേണ്ടവരാണ് നാം. കാരണം നാം പുതുക്കം പ്രാപിച്ചു. ക്രിസ്ത്യാനികളായി തീർന്നവരാണ്. നാം ചെയ്തുകൊണ്ടിരുന്ന ജോലിക്കു മാറ്റം സംഭവിച്ചിട്ടില്ലെങ്കിലും ചെയ്യുന്ന രീതിക്കും സ്വഭാവത്തിനു മാറ്റം വരുത്തണം, നാം നമ്മുടെ ജീവിതത്തിൽ എല്ലാ കാര്യങ്ങളും ദൈവവുമായിട്ടുള്ള ബന്ധത്തിൽ ചെയ്യണം. മാറ്റത്തിനു പ്രാധാന്യവും ഊന്നലും കൊടുക്കണം എന്നു അന്ത്രയോസ് പറഞ്ഞു.

അതു ശരിയാണെന്നു റാഹേൽ സമ്മതിച്ചു. ഇപ്പോൾ നാം നിത്യതക്കു വേണ്ടിയാണ് ജീവിക്കേണ്ടതു. ഇനി നമുക്കു പേനയും കടലാസും എടുത്തു പഠനത്തിലേക്കു തിരിയാം അന്ത്രയോസ് പറഞ്ഞു. യേശു ഭൂമിയിൽ ജനിക്കുന്നതിനു മുമ്പുണ്ടായിരുന്ന അവസ്ഥ മനസിലാക്കുവാൻ മറ്റു വേദ ഭാഗങ്ങൾ കൂടെ നോക്കണം. റാഫേൽ ഓർപ്പിച്ചു.

എനിക്കു ഒരു വാക്യം ഓർമ്മ വരുന്നു എന്നു അവൾ പറഞ്ഞു യോഹന്നാൻ ഒന്നാം അദ്ധ്യായമാണത്. “ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവമായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു. അവൻ മുഖാന്തരം സകലവും സൃഷ്ടിക്കപ്പെട്ടു. അവനെ കൂടാതെ യാതൊന്നും ഉളവായിട്ടില്ല”. ജീവനും ശക്തിയും ദൈവിക ഗുണങ്ങൾ ആണ്.

പിതാവായ ദൈവത്തിനുള്ള അതേ ആത്മീയ സ്വന്തപുത്രനായ യേശുവിലും ഉണ്ടെന്ന വസ്തുത എബ്രായ ലേഖനം ഒന്നാം അദ്ധ്യായം മൂന്നാം വാക്യത്തിലും കാണുന്നുണ്ട്. ദൈവ പുത്രനു സൃഷ്ടിപ്പിൽ തുല്യ പങ്കാളിത്തം ഉള്ളതായി രണ്ടാം വാക്യത്തിൽ പറയുന്നു. അവൻ തന്റെ മഹത്വത്തിന്റെ ശക്തിയിൽ എല്ലാം വഹിക്കുന്നു. യേശു ദൈവത്തിന്റെ പ്രതീകമാണ്. അവൻ ജീവിച്ചത് നമുക്ക് ഒരു മാതൃക ആയിട്ടായിരുന്നു. നാം പിൻപറ്റേണ്ടത് അവന്റെ മാതൃകയാണ്. അവന്റെ അനുസരണമാണ് നാം പിൻപറ്റേണ്ടത്. ഈ ലോകത്തിൽ നമുക്ക് അതിന് കഴിയണം.

★

# നിർത്തരുത്

**പിയേഴ്സ് ജോൺ**

നാല്പതു വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ഒരു ഉപദേഷ്ടാവിനെ എനിക്കറിയാം. അദ്ദേഹത്തിന്റെ മനസ്, ബുദ്ധി, ദൈവ വചനത്തിലുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ച എന്നിവ എന്നെ വല്ലാതെ സ്വാധീനിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു ദൈവശ്വാസിയ വചനത്തിൽ തന്നെയായിരുന്നു. അതു എന്നിൽ പ്രചോദനവും പ്രമോദവും ഉണർത്തി. എന്നാൽ എനിക്ക് അറിഞ്ഞുകൂടാത്ത ചില കാരണങ്ങളാൽ അദ്ദേഹം വിശ്വാസത്തിൽ നിന്നകന്നു പോയി.

അവസാനമായി അദ്ദേഹത്തെ ഞാൻ കാണുന്നതു താടി വളർത്തി മദ്യപിച്ചു കുനിഞ്ഞിരിക്കുന്ന അവസ്ഥയിലായിരുന്നു. ഞാൻ കരഞ്ഞും പ്രാർത്ഥിച്ചും കൊണ്ടു അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. എന്താണ് ഇങ്ങനെ സംഭവിക്കുന്നതു? പിന്നീട് ഞാൻ പത്തു വർഷത്തോളം അയാൾക്കു വേണ്ടി ഒന്നും ചെയ്തില്ല.

ഒരു പക്ഷേ എന്റെ അഹങ്കാരമാകാം. അല്ലെങ്കിൽ അയാളെ മോശമായി കണ്ടതുകൊണ്ടാകാം. സഹോദരനെ കുറിച്ച് കരുതലില്ലായ്മ കൊണ്ടാകാം. അല്ലെങ്കിൽ പത്രോസിനെ പോലെയുള്ള ചിന്ത കൊണ്ടാകാം. സഹോദരന്റെ വീഴ്ച്ചയിൽ അവനെ എല്ലാവരും തള്ളികളഞ്ഞ കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടു. അവന്റെ ജീവിതത്തെയും ക്രിയാത്മക കഴിവുകളെയും തിരിച്ചു കൊണ്ടു വരാൻ ശ്രമിക്കാമായിരുന്നു. രണ്ടാമതായി വേദശാസ്ത്രപരമായിട്ടുള്ള പ്രശ്നം കൊണ്ടാകാം.

ബൈബിൾ ഈ വിധത്തിലുള്ള പാപ സ്വഭാവത്തെ വിവരിച്ചിരിക്കുന്നതു എനിക്കറിയാം. "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാവാദം വരുത്തുന്നവരും ആക കൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല (എബ്രായർ 6:4-6).

മാത്രമല്ല 1 യോഹന്നാൻ 5:16 ഉം എന്തെന്നു എനിക്കറിയാം. "മരണത്തിനുള്ള പാപമുണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണമെന്നു ഞാൻ പറയുന്നില്ല" എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. ഈ വേദഭാഗങ്ങൾ വായിച്ച് തെറ്റിദ്ധരിച്ചതാകാം കാരണം. മൂന്നമതായി, വചനം ഞാൻ ശരിയായി മനസിലാക്കിയാലും അതു ബന്ധപ്പെടുത്തേണ്ട പ്രശ്നം കൊണ്ടായിരിക്കാം.

വചനത്തെ തെറ്റായി ഉപയോഗിച്ചതാകാം കാരണം. അവൻ അത്തരക്കാരനാണ്; അതുകൊണ്ടു അവനെ കുറിച്ച് യാതൊരു പ്രതീക്ഷയുമില്ല എന്നിലുണ്ടായിരുന്നത്. നമ്മിൽ പലരും മറ്റനേക വേദവാക്യങ്ങൾ തെറ്റായി ഉപയോഗിക്കാറുണ്ട്. ആ വേദഭാഗം മനസിലായി എന്നു തോന്നാം.

വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ വിശുദ്ധ നഗരത്തിന്റെ സവിശേഷത എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (വെളിപ്പാട് 22:27).

ഒരാൾ മറ്റൊരാളോട് ഒരിക്കൽ സുഖമാണോ എന്ന ചോദ്യത്തിനു സുഖം തന്നെ എന്ന മറുപടിയും വേറൊരാളോട് കുറെ കഴിഞ്ഞു "നല്ല സുഖമില്ല എന്നും മറുപടി പറഞ്ഞു കേട്ടു. ഇതിൽ നിന്നു നിങ്ങൾക്കെന്തു മനസിലായി ? ചുരുക്കത്തിൽ അയാൾ പറഞ്ഞതിൽ ഒന്നു കള്ളവും മറ്റൊന്നു സത്യവുമായിരുന്നു. ഒരേ നാവിൽ നിന്നു തന്നെ സത്യവും അസത്യവും വരുന്നു. ഭോഷ്ക്കു പറയുന്നവരുടെ കൂട്ടത്തിൽ അയാളെ പെടുത്താം. അവർക്കു ദൈവ രാജ്യത്തിലല്ല ഓഹരി. അവർക്കു ഗന്ധകവും കത്തുന്ന തീപൊയ്കയിലെത്ര ഓഹരി.

തൽക്കാല നേട്ടങ്ങൾക്കു വേണ്ടി പറയപ്പെടുന്ന ഇത്തരം ഭോഷ്ക്ക് സമൂഹത്തെ നശിപ്പിക്കും. ഞാൻ ഒരു ചുമതല ഏല്പിച്ചു കൊടുക്കുന്ന ആളല്ല. ഞാൻ വളരെ എളുപ്പത്തിൽ ഏതു വേദവാക്യവും തെറ്റായി ഉപയോഗിക്കാം എന്ന അറിവു എന്നിലുണ്ടാകണം. കാരണം സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കുമല്ലോ. ആ മനുഷ്യനുവേണ്ടി പ്രാർത്ഥിപ്പാൻ പോലും തുനിയാതിരുന്നതിനു അനേക കാരണങ്ങൾ പറയാം. പക്ഷേ അതൊന്നും പ്രശ്നപരിഹാരമാവുന്നില്ലല്ലോ.

എന്നാൽ നാല്പതു വർഷങ്ങൾക്കുശേഷം അയാൾ കൂട്ടത്തിലേക്കു തിരിച്ചു വന്നു. കൂട്ടം തെറ്റി പോയ ഒരാട് സ്വന്തം കൂട്ടത്തെ കണ്ടെത്തിയ സന്തോഷത്തോടെ തന്നെ തിരിച്ചു വന്നു. അപ്പോഴാണ് എന്റെ കുറ്റബോധം എന്നെ തട്ടിയുണർത്തിയത്. ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതു പരിശീലിക്കണമെന്ന ഒരു തോന്നലുണ്ടായി. ചെയ്യേണ്ട കാര്യ

ങ്ങൾ ചെയ്യാതിരുന്നാൽ അതു കുറ്റകരം തന്നെ. നന്മ ചെയ്വാനറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ അതു പാപം തന്നെയാണ്. നിർത്താതെ ചെയ്യേണ്ട പല കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. ബലഹീനതകൊണ്ടു തളർന്നു പോകുന്നവരുണ്ട്. ചിലരുടെ മനസിന്റെ ദൗർലബ്ബല്ല്യം കൊണ്ടാണ് സംഭവിക്കുന്നത്. പക്ഷേ ശക്തിയുള്ളവർ അശക്തരെ താങ്ങണം.

ഒരു ശരീരത്തിലെ ഏതെങ്കിലും അവയവത്തിനു ക്ഷതം സംഭവിച്ചാൽ അതു പുനസ്ഥാപിക്കുന്നതുവരെ മറ്റു അവയവങ്ങൾ അതിനെ താങ്ങും. അതുപോലെയാണ് സഭയിലെ അംഗങ്ങളും. ഒരാൾ തെറ്റിപോയാൽ നില്ക്കുന്നവർ അയാളെ തിരിച്ചു കൊണ്ടുവരാൻ പരിശ്രമിക്കണം. ആത്മീയരോഗത്താലും ബന്ധത്താലും കഴിയുന്നവരെ അതിൽ നിന്നു മോചിപ്പിക്കുവാൻ മറ്റുള്ളവർ ശ്രമിക്കണം.

സഭയുടെ ആത്മീക വളർച്ചക്കു എല്ലാവരും തുല്യ പങ്കാളികളാകണം. ആ ഒരു കൂട്ടായ്മയുടെ ഉദ്ദേശം നാം മറക്കരുത്.

പ്രത്യാശ ഒരിക്കലും കളയരുത് എന്നു ഞാൻ പ്രസംഗിക്കുന്നുണ്ട്. ആ ഞാൻ തന്നെ പ്രത്യാശയില്ലാത്തതുപോലെ ആയാലോ? ഊഹാപോഹങ്ങളെ വെച്ച് പ്രവർത്തിക്കരുത് എന്നു ഞാൻ ഉപദേശിക്കാറുണ്ട്. കാരണം വസ്തുതകൾ മറിച്ചാകാം. വാസ്തവമെന്തെന്നു അറിയാത്ത സംഗതികളെ കുറിച്ച് നമുക്കെങ്ങനെ വിലയിരുത്താനാകും? അങ്ങനെ ഉപദേശിക്കുന്ന ഞാൻ തന്നെ ഊഹം വെച്ചു പ്രവർത്തിച്ചാൽ എന്തായിരിക്കും സ്ഥിതി? അതു ശരിയായ ഒരു നീക്കമല്ല ഞാൻ നടത്തിയതു. വിധിക്കരുത് എന്നു പ്രസംഗിക്കുന്ന ഞാൻ തന്നെ വിധിച്ചാൽ അതു വിരോധാഭാസം ആയിരിക്കും. നാം വിധിച്ചാൽ നമ്മൾ വിധിക്കുന്ന വിധിയാൽ ദൈവം നമ്മെയും വിധിക്കും (മത്തായി 7:1).

ഒരുപക്ഷേ ഞാൻ ഊഹിച്ചതുകൊണ്ടാകാം വിധിച്ചത്. എങ്ങനെയായാലും അതു തെറ്റായി പോയി എന്നു ഇപ്പോൾ തോന്നുന്നു. എന്റെ മനോഭാവം, ഉദ്ദേശം, വിലയിരുത്തൽ എന്നി

വയിൽ പോരായ്മ സംഭവിച്ചു. അതാണ് എന്നെ പശ്ചാത്താപത്തിലേക്കു നയിച്ചത്. എന്തായാലും നാല്പതു വർഷം ഞാൻ നിർത്തിയ കാര്യം മറ്റുള്ളവർ നിർത്തിയില്ല; ദൈവം നിർത്തിയില്ല. അതിന്റെ ഫലമായിട്ടാണ് അയാൾ തിരിച്ചു വന്നത്; വീണ്ടും അയാളെ സഭയിൽ കണ്ടുമുട്ടുവാനിടയാക്കിയത്. ഏതു സാഹചര്യത്തിലും നാം ആരെയും വിട്ടുകളയരുത്. ആത്മാവിന്റ വില വളരെ വലുതാണ്. ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് ഒരു പ്രയോജനവുമില്ല. അയാളുടെ ജീവന്റെ വില അത്ര വലുതാണ്.

★

# ദൈവ വാഗ്ദാനങ്ങൾ നിശ്ചയമായവ

ഫ്രെഡ് മില്ലർ

മനുഷ്യർ മനുഷ്യർക്കു വാഗ്ദാനം നൽകുകയും ചിലർ അതിൽ നിന്നു പിൻമാറുകയും ചെയ്യും. എന്നാൽ ദൈവം തന്റെ വാഗ്ദാനത്തിൽ നിന്നു പിന്തിരിയുകയില്ല ആ ഒരു ഉറപ്പ് നമ്മിൽ പ്രത്യാശ ഉളവാക്കുന്നു. യേശു ക്രിസ്തുവിന്റെ വാക്കുകളും വാഗ്ദാനങ്ങളും അതുപോലെ തന്നെയാണ് പൌലോസ് പ്രസ്താവിക്കുന്നതു കേൾക്കുക. ഞാനും സില്വാനൊസും തിമൊഥെയൊസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല. അവനിൽ ഉവ്വ് എന്നത്രെയുള്ളു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ. അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ (1 കൊരിന്ത്യർ 1:19-20)

പൌലൊസിന്റെ ലേഖനങ്ങളിൽ ഒക്കെയും എടുത്തു പറയാവുന്ന പ്രത്യേക സ്വഭാവ വിശേഷത എന്തെന്നാൽ ക്രിസ്തു

വിൽ അവനുണ്ടായിരുന്ന വലിയ വിശ്വാസമായിരുന്നു. ക്രിയാത്മകമായ ഒരു രക്ഷകനെ ക്രിയാത്മകമായി തന്നെ ചിത്രീകരിച്ചിരിക്കയാണ്. കാര്യകാരണ സഹിതം ആണ് അവൻ വസ്തുതകൾ രേഖപ്പെടുത്തിയിരിക്കുന്നതു. താൻ എന്തുകൊണ്ടു വിശ്വസിക്കുന്നു എന്നും എന്തുകൊണ്ടു പ്രസംഗിക്കുന്നു എന്നും സംശയരഹിതമായി പ്രതിപാദിച്ചിട്ടുണ്ട്. അവന്റെ ചില പ്രസ്താവനകൾ പരിശോധിക്കുക. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജിവിക്കുന്നതു ഞാനല്ല. ക്രിസ്തു വത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു. (ഗലാത്യർ 2:20)

എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു. (ഫിലിപ്പിയർ 1:21) അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു. എങ്കിലും ലജ്ജിക്കുന്നില്ല. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചിരിക്കുന്നു. ( 2 തിമൊഥെയൊസ് 1:12)

ഞാൻ നല്ലപോർ പൊരുതു. ഓട്ടം തികെച്ചു. വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ (2 തിമൊഥെയാസ് 4:7–8)

ഈ ആധുനിക കാലഘട്ടത്തിൽ കർത്താവിന്റെ സഭയിൽ ജീവിക്കുന്നവർ, ദുരുപദേശങ്ങൾക്കും സാമൂഹ്യ പ്രവർത്തന സുവിശേഷത്തിനും, മറ്റും പലതിനും വിട്ടുവീഴ്ച ചെയ്തു വിശാല മനസ്കത വെച്ചു പുലർത്താൻ ശ്രമിക്കുന്നതു എത്ര പരിതാപകരമാണ് എന്നോർക്കുക. ദൈവത്തിന്റെ വാഗ്ദാനങ്ങ

ളായ രക്ഷ, വീണ്ടെടുപ്പ്, പാപമോചനം, നിത്യജീവൻ എന്നിവയെക്കുറിച്ച് നമുക്കുള്ള അറിവും ഉറപ്പും എത്രമാത്രമുണ്ട്? മനസിനു കുളിർമ്മ നൽകുന്നതോ കാതുകൾക്കു ഇമ്പം പകരുന്നതോ ആയ കാര്യങ്ങളിലേക്കു നാം തിരിയേണ്ട ആവശ്യമില്ല. ക്രിസ്തു യേശുവിൽ പുതുക്കമുള്ള മനസാണ് നമുക്കു ഏവർക്കും വേണ്ടതു. എങ്കിലേ ക്രിസ്തുവിന്റെ ഭാവം നമ്മിൽ ഉണ്ടാകയുള്ളു. ആത്മിക മനുഷ്യനു മാത്രമെ ആത്മീകമായി ചിന്തിക്കാൻ പറ്റു. നിത്യമായ ജീവൻ ലഭിക്കുന്നതിനു ദൈവം അരുളിച്ചെയ്തിട്ടുള്ള നിബന്ധനകളെ നാം ഗൗരവമായി എടുക്കണം അവയെ നിസാരമായി തള്ളികളയരുത്. പൌലൊസ് തിമൊഥെയൊസിനോടു കൽപിച്ചതു തന്നെയാണ് നാമും സ്വീകരിക്കേണ്ടതു. നിന്നെത്തന്നേയും ഉപദേശത്തേയും സൂക്ഷിച്ചു കൊൾക. ഇതിൽ ഉറച്ചു നിൽക്ക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും. ( 1 തിമൊഥെയൊസ് 4:16)

നാം കരുത്തുള്ള ആത്മീയ തീക്ഷ്ണതയോടെ, ജാഗ്രതയോടെ ക്രിസ്തുവിന്റെ ഉപദേശം മുറുകെ പിടിക്കയും നമ്മുടെ ജീവിതം സൂക്ഷിക്കയും ചെയ്താൽ നമ്മുടെ ഭാവി ചോദ്യം ചെയ്യപ്പെടാനാവത്തതും ഇരുളടയാത്തതും ആകും. ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക (1 തിമൊഥെയൊസ് 4:13) എന്നാണ് പൌലൊസ് യുവാവായ തിമൊഥെയൊസിനെ ഉണർത്തിച്ചതു, നാം വചനം വായിക്കുമ്പോൾ ഓരോ ദിവസവും നമ്മുടെ ആവശ്യങ്ങൾ, തെറ്റു കുറ്റങ്ങൾ ക്രിസ്തുവിലുള്ള ഉത്തരവാദിത്വങ്ങൾ എന്നിവ തെളിഞ്ഞു വരും.

നാം മറ്റുള്ളവരെ ഉത്തേജിപ്പിക്കുമ്പോൾ നമുക്കു തന്നേ ആത്മീക വർദ്ധന വരുത്തുകയാണ് ചെയ്യുന്നത്. നമുക്കു ചുറ്റുമുള്ളവരെ സഹായിക്കുന്നതിനു കൂടെയാണ് നമ്മുടെ യജമാനന്റെ വചനങ്ങൾ തന്നിട്ടുള്ളത് നമ്മെ ദൈവ സ്നേഹത്തിൽ സൂക്ഷിക്കുകയും മറ്റുള്ളവരെ ദൈവ സ്നേഹത്തിലേക്കു നാം

നയിക്കുകയും ചെയ്യണം. നമുക്കു ചുറ്റുപാടും നാമൊന്നു കണ്ണോടിച്ചാൽ കാണുന്നതു സത്യത്തിനു നേർക്കുമുള്ള എതിർപ്പും അവഗണനയുമാണ്. സംശയാസ്പദമായ പരിശീലനത്തിൽ ഏർപ്പെടുന്നവർ യഥാർത്ഥ വിശ്വാസത്തിൽ നിന്നു അകലുകയാണ് ചെയ്യുന്നത്. സുവിശേഷീകരണം എന്ന പ്രധാന ദൗത്യത്തിൽ നിന്നു നമ്മുടെ പരിഗണന മറ്റു കാര്യങ്ങളിലേക്കു വ്യതിചലിക്കുന്നതു ദോഷം തന്നെയാണ്. നാം ഒരിക്കലും മനുഷ്യരുടെ ബുദ്ധിക്കു അടിമപ്പെടരുത്. പേരിൽ മാത്രം ക്രിസ്ത്യാനികളായി ജീവിക്കുന്നവരും ഉപദേശത്തിൽ പ്രാധാന്യം കൊടുക്കാത്തവരും സാമൂഹ്യ പ്രവർത്തനങ്ങളിൽ മാത്രം ജിവിതം ഉഴിഞ്ഞു വെച്ചവരും തിരിച്ചറിയേണ്ടതു ബൈബിളിന്റെ ആധികാരികതയാണ്. ബൈബിൾ എവിടെ സംസാരിക്കുന്നുവോ അവിടെ സംസാരിക്കയും ബൈബിൾ എവിടെ നിശബ്ദമായിരിക്കുന്നുവോ അവിടെ നിശബ്ദമായിരിക്കയും വേണം. അടുത്ത സമയത്തും ലഭിച്ച സുവിശേഷത്താലല്ലാതെ പ്രത്യേകമായ യാതൊന്നിനാലും ദൈവം ആരെയും വിളിക്കുന്നില്ല എന്നു ഞാൻ പ്രസംഗിച്ചപ്പോൾ ഒരു നാമധേയ വിഭാഗത്തിലെ സുവിശേഷകൻ എന്നെ ചോദ്യം ചെയ്തു. (2 തെസലൊനിക്യർ 2:14) ദൈവം സകല മനുഷ്യരെയും സുവിശേഷത്താലാണ് വിളിക്കുന്നതു എന്നു ഞാൻ വചനത്തിൽ നിന്നു തെളിയിച്ചു കൊടുത്തു. വിജയത്തിനുള്ള പ്രത്യാശ വചനമാകുന്ന സത്യത്തിൽ തന്നെ എന്നതു എല്ലാവരും ഓർമ്മിക്കണം. (യോഹന്നാൻ 17:7) ശാസ്ത്രീയ ലോകത്തിനും വിവരസാങ്കേതിക വിദ്യയിൽ നിൽക്കുന്ന ലോകത്തിനും ദൈവവചനം കാലപ്പഴക്കം ചെന്നു എന്ന തോന്നൽ മിഥ്യ ധാരണയാണ്. ലളിതമായസത്യമാകുന്ന സുവിശേഷത്തിന്റെ ശക്തി ഇന്നും ആത്മാക്കളെ രക്ഷിക്കുന്നതാണ് (റോമർ 1:16)

✶

# നിഷ്ക്രിയമായ വിഘ്നക്കാർ

**ഡാനിയേൽ**

പലതിനും തടസമായി നിൽക്കുന്നവർ നമ്മുടെ ജീവിതത്തിലുണ്ട്. സ്വന്ത ഭവനത്തിൽ, അയൽക്കാർക്കിടയിൽ സമൂഹത്തിൽ എല്ലാം കണ്ടേക്കാവുന്ന ഒരു പ്രതിഭാസമാണത്. മാർഗ്ഗ തടസം സൃഷ്ടിക്കുന്നവർ പ്രശ്നം സൃഷ്ടിക്കുന്നവരാണ്. ബൈബിളിൽ, വായിക്കുന്ന ചില സംഭവങ്ങൾ ഈ വിഷയം കൂടുതലായി മനസിലാക്കുവാൻ നമ്മെ സഹായിക്കും, ഒരിക്കൽ ഒരു പക്ഷവാത രോഗിയെ കുറെപേർ ചേർന്നു യേശുക്രിസ്തുവിന്റെ അടുക്കൽ എത്തിക്കാൻ ശ്രമിച്ചു.

ആ കാലത്തു യേരുശലേമിലും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നു നിരവധി രോഗികളെ യേശുക്രിസ്തുവിന്റെ അടുക്കൽ കൊണ്ടു വരികയും സൗഖ്യം പ്രാപിക്കയും ചെയ്ത ശ്രുതി പരന്നിരുന്നു. അങ്ങനെയാണ് അവർ ഈ രോഗിയേയും കൊണ്ടു വന്നതു. നാലുപേർ ചേർന്നു ചുമന്നാണ് ഈ പക്ഷവാത രോഗിയെ യേശുവിന്റെ അടുക്കൽ കൊണ്ടു വരുന്നതു. എന്നാൽ അവന്റെ ചുറ്റും കൂടി നിന്ന പുരുഷാരം നിമിത്തം അവർക്കു ഈ രോഗിയെ വാതിൽ വഴി അവന്റെ അടുക്കൽ എത്തിക്കാൻ കഴിഞ്ഞില്ല (മർക്കൊസ് 21:4). എന്നാൽ അവർ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് രോഗിയെ യേശു ഇരുന്നിരുന്ന മുറിയിലേക്കു ഇറക്കി വെച്ചു. അങ്ങനെ യേശു ആ പക്ഷവാത രോഗിയെ സൗഖ്യമാക്കി. (മർക്കൊസ് 2: 12)

ആ പുരുഷന്മാർ എടുത്ത തീരുമാനം ധീരമായിരുന്നു. പക്ഷെ അവിടെ കൂടിയിരുന്ന പുരുഷാരം വഴി തടസപ്പെടുത്താതെയിരുന്നെങ്കിൽ കാര്യം എത്ര എളുപ്പമാകുമായിരുന്നു. രോഗിയെ ചുമന്നുകൊണ്ടുപോയവർക്കു യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുമായിരുന്നില്ല. അവിടെ കൂടി നിന്ന പുരുഷന്മാർ

മറ്റുള്ളവർക്കു തടസമുണ്ടാക്കികൊണ്ടിരുന്നു. അവർക്കു മറ്റു ള്ളവരെ കുറിച്ച് വിചാരമില്ല. ശ്രേഷ്ഠമായ പ്രവർത്തിക്കു അവർ വിഘ്നം വരുത്തുകയാണുണ്ടായത്. ആ പുരുഷാരം മനപൂർവ്വം പക്ഷവാതരോഗിയെ തടയുകയായിരുന്നില്ല. പക്ഷവാത രോഗിയെ ചുമന്നുകൊണ്ടു വന്നവർക്കു അകത്തു കടപ്പാൻ കഴി യാതെ വന്നു. ഏതൊരു സംഭവം നടക്കുമ്പോഴും ആളുകൾ തടിച്ചുകൂടും. കാഴ്ച്ചക്കാരോ കേൾവിക്കാരോ ആയി മാത്രം അവർ നിൽക്കുന്നു. യഥാർത്ഥ ആവശ്യക്കാർക്കു പ്രവേശി ക്കാൻ പറ്റാത്തവിധം അവർ തടസ്സമായി തീരുകയാണ്. സൗഖ്യ മുള്ളവർക്കല്ല, രോഗികൾക്കാണല്ലോ വൈദ്യനെകൊണ്ടു ആവശ്യം. ഇതുപോലെ ക്രിസ്തുവിന്റെ സുവിശേഷത്തിനു തടസം സൃഷ്ടിക്കുന്നവർ ഇന്നും ധാരാളമുണ്ട്. കർത്താവിന്റെ വേല പ്രയാസകരമായി തീരുവാൻ അതു കാരണമാകുന്നു. അവർ ധൈര്യസമേതം കടന്നു വന്നു തെറ്റുകൾ ഒന്നും ചെയ്യു ന്നില്ലായിരിക്കാം. എന്താണ് ഈ തടസക്കാർ ചെയ്യുന്നത്.?

മർക്കൊസിന്റെ വിവരണത്തിൽ പറഞ്ഞിരിക്കുന്ന തടസ പ്പെടുത്തിയ പുരുഷാരം നിഷ്ക്രിയരാണ് എന്നു പറയാൻ കാര ണമെന്ത്/ ഈ ആധുനിക കാലയളവിലും അതുപോലെ കഴി യുന്നവർ ഉണ്ട് എന്നു തിരിച്ചറിയുമ്പോൾ അവരെ എങ്ങനെ തരണം ചെയ്യാമെന്നും ബോധ്യമാകും. അശ്രദ്ധ നിമിത്തമായി രിക്കാം അവർ നിഷ്ക്രിയരായിരിക്കുന്നത്. നാലുപേർ ഒരു പക്ഷ വാതരോഗിയെ ചുമന്നുകൊണ്ടു വരുന്നതു അവർ കണ്ടിട്ടും വാതിലിൽ നിന്നു മാറികൊടുക്കാൻ അവർ ഒരുങ്ങിയില്ല.

ക്രിസ്തുവിലേക്കു ആളുകൾ വരുന്നതിനേ കുറിച്ച് അവർ ചിന്തിക്കുന്നില്ല. അവർ സഭയിലേക്ക് ആരാധനക്കായി ആളു കളെ ക്ഷണിക്കാറില്ല. പകരം അവർ ആരാധനക്കാരാണെന്നു മറ്റുള്ളവരെ കാണിപ്പാൻ ആഗ്രഹിക്കുന്നു. ക്രസ്തുവിന്റെ പ്രസംഗം കേൾക്കുവാൻ അവർ കാത്തു നിൽക്കുന്നു എന്ന അഭിപ്രായക്കാരാകാം. തങ്ങൾ കർത്താവിന്റെ സന്നിധി വിട്ടു മാറാത്തവരാണെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നു.

പക്ഷെ അവരുടെ സഹപാഠികളോ സഹപ്രവർത്തകരോ അയൽക്കാരോ സ്നേഹിതരോ പാപക്ഷമാപണം നേടണമെന്നു അവർ ആഗ്രഹിക്കുന്നില്ല. അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും പ്രതീക്ഷിക്കുന്ന പരീശന്മാരേയും ശാസ്ത്രിമാരേയും സൂക്ഷിച്ചുകൊൾവിൻ എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട്.

അവർ അറിയാത്തതുകൊണ്ടാകാം നിഷ്ക്രിയരായി തീർന്നതു. ഒരു പക്ഷെ തങ്ങളുടെ പുറകിൽ കുറെപേർ ഒരു രോഗിയേയും ചുമന്നു കൊണ്ടു വന്നതു അവർ അറിഞ്ഞിരിക്കയില്ല. അറിഞ്ഞിരുന്നെങ്കിൽ അവർക്കു വഴി ഒരുക്കി കൊടുക്കുമായിരുന്നു. പക്ഷെ അവർ അറിഞ്ഞില്ല. അതുപൊലെയാണ് കർത്താവിന്റെ സഭയിലുള്ള ചിലർ ചുറ്റുമുള്ള നിസ്സഹായരായ ദശലക്ഷക്കണക്കിനു ആളുകളെ അറിഞ്ഞുകൂടാ. ക്രിസ്തുവിന്റെ അടുക്കലേക്കു വരുവാൻ ആഗ്രഹിക്കുന്നവർ അനവധിയുണ്ട്. പക്ഷെ വാതിൽക്കൽ മറ സൃഷ്ടിച്ചിരിക്കയാണ് ആളുകൾ. അവർ എന്തുകൊണ്ടു പുറത്തുള്ളവരെ അറിയുന്നില്ല? തങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ച് ബോധമില്ലാത്തവരാണോ? കൊയ്ത്തു ധാരാളമുണ്ട്.

വേലക്കാരോ ചുരുക്കം എന്നാണ് കർത്താവ് പറഞ്ഞതു. ക്രിസ്തുവിന്റെ രക്ഷ ആളുകൾക്കു നാം അടച്ചു കളയരുത്. ഒരു പക്ഷെ അവർ ഈ ആളുകളെ അറിയാതിരിക്കുന്നതു വിശ്വാസക്കുറവു നിമിത്തമാകാം. അവരോടു പറഞ്ഞാലും വലിയ വ്യത്യാസമൊന്നും വരാൻ പോകുന്നില്ല എന്ന ചിന്തയാകാം അവർക്കുള്ളതു ശക്തിയുള്ള ദൈവ വചനം കേട്ടെങ്കിലേ ആളുകൾക്കു വിശ്വാസമുണ്ടാകു. വചനമെന്നതു ദൈവിക പരിജ്ഞാനമാണ്. അറിവില്ലാത്തവർക്കു അറിവു പകരുന്ന ഒന്നാണ് കർത്താവിന്റെ ദൂത്. യേശുക്രിസ്തുവിന്റെ ഉപദേശം കേട്ടുകൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു. തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു. എന്റെ വചനത്തിൽ നിലനിൽക്കുന്നു. എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യ

ന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കു കയും ചെയ്യും എന്നു പറഞ്ഞു. (യോഹന്നാൻ 8; 30-32)

കർത്താവിന്റെ ഹിതം ഇതാണെങ്കിലും ആളുകൾ ഒഴിഞ്ഞു മാറുന്നതു പല കാരണങ്ങൾ നിരത്തിയാണ്. നമ്മൾ മറ്റുള്ളവരെ വിധിക്കാൻ പാടില്ല. കുറ്റപ്പെടുത്താൻ പാടില്ല. ആരാണ് നഷ്ടപ്പെട്ടതെന്ന് എനിക്കറിഞ്ഞുകൂടാ എന്നൊക്കെ പറഞ്ഞു കേൾക്കാറുണ്ട്. അവരുടെ വിചാരം അനുസരിച്ച് കർത്താവിനു മാത്രമെ ഇതെല്ലാം അറിയാവൂ. വിധിക്കുന്നതും കർത്താവാണ് എന്നതാണ്. അങ്ങനെയാണെങ്കിൽ സുവിശേഷം സകല ജാതികളിലും എത്തിക്കാൻ പറയേണ്ട ആവശ്യമില്ല ല്ലോ. പക്ഷേ സത്യം എന്താണ്?

ദൈവവചനമാണ്. അതിൽ വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മനുഷ്യർ അനുസരിക്കണം. ആരാണ് രക്ഷിക്കപ്പെ ടുന്നതെന്നും ആരാണ് ശിക്ഷിക്കപ്പെടുന്നതെന്നും വചനത്തിൽ ദൈവം അരുളിച്ചെയ്തിട്ടുണ്ട്. (മർക്കൊസ് 16:16) ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാത്തവർ ദൈവമില്ലാത്തവരത്രെ. ( 2 യോഹന്നാൻ 9-10).

**തടസ്സക്കാരാകാതിരിക്കുക.**

ഒരാൾ രക്ഷിക്കപ്പെടുന്നതിനും കർത്താവിന്റെ സഭയിൽ പ്രവേശിക്കുന്നതിനും വിശ്വസ്തരായി ജീവിക്കുന്നതിനും ഒരി ക്കലും നിങ്ങൾ തടസമായി തീരരുത്. എങ്ങനെയെങ്കിലും ഒരാൾക്കു രക്ഷ പ്രാപിക്കുവാനുള്ള അവസരും ഒരുക്കി കൊടു ക്കുകയാണ് വേണ്ടത്. ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചതു ആരും നഷ്ടപ്പെട്ടു പോകാതെ എല്ലാവരും രക്ഷ പ്രാപിക്കുന്നതിനാണ്.

യേശു ശിഷ്യന്മാരെ ലോകമെങ്ങും പോയി സുവിശേഷം അറിയിപ്പാൻ കല്പിച്ചത് ഒരേ ഉദ്ദേശ്യത്തിലായിരുന്നു. ആ സത്യം എല്ലാവരും അറിയണം. നമ്മളെല്ലാം ദൈവരാജ്യത്തിൽ പ്രവേ ശിക്കാൻ ആഗ്രഹിക്കുന്നവരും ആ യാത്രയിലുമാണ്. ഇക്കാര്യം

മറ്റുള്ളവരെയും അറിയിക്കേണ്ട ചുമതല നമുക്കുണ്ട്. അതിനായി നമുക്കൊരുങ്ങാം.

★

# ദൈവത്തെ സംബന്ധിച്ച വസ്തുതകൾ

ജെ. സി. ചോട്ട്

ദൈവത്തെ സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുവാൻ നാം ഏതാനും ചോദ്യങ്ങൾ ചോദിക്കണം. ആദ്യം, ആരാണ് ദൈവം? അവന്റെ സ്വഭാവം എന്താണ്? അവൻ എവിടെ നിന്നു വന്നു? ഈ ചോദ്യങ്ങൾക്കും മറ്റനേകം ചോദ്യങ്ങൾക്കും തിരുവചനത്തിൽ ഉത്തരങ്ങൾ നല്കുന്നുണ്ട്. ദൈവം ആത്മാവാണ് എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. “ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം'' (യോഹന്നാൻ 4:24). അതിന്റെ അർത്ഥം അവൻ ഭൗതികമായി മാംസരക്തങ്ങളോടു കൂടിയോ ഭൗതികമായ ഒരു രൂപത്തോടു കൂടിയോ അല്ല എന്നർത്ഥം. യോഹന്നാൻ എഴുതി, “ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹത്തിൽ തികഞ്ഞുമിരിക്കുന്നു'' (1 യോഹന്നാൻ 4:12). നാം വായിക്കുന്നതു ദൈവം ആദിയിൽ ഉണ്ടായിരുന്നു എന്നാണ്, അതായതു എല്ലാം സൃഷ്ടിക്കുന്നതിനു മുൻപ് ദൈവം ഉണ്ടായിരുന്നു. അവനാലത്രെ സകലവും സൃഷ്ടിക്കപ്പെട്ടത്. ഉല്പത്തി 1:1 പറയുന്നതു “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു'' എന്നാണ്. ദൈവം ആരംഭമോ അവസാനമോ ഇല്ലാത്തവനത്രേ. അവൻ എപ്പോഴും ഉണ്ടായിരുന്നു. അവൻ എപ്പോഴും ഉണ്ടാകുകയും ചെയ്യും.

അവൻ നിത്യനും ദൈവികത്വം ഉള്ളവനുമാണ്. അവൻ സർവ്വശക്തനാണ്, സർവ്വജ്ഞാനിയാണ്, സർവ്വവ്യാപിയാണ്, സർവ്വവും കാണുന്നവനും കേൾക്കുന്നവനുമാണ്. സങ്കീർത്തനക്കാരനായ ദാവീദ് പ്രഖ്യാപിച്ചു, "കർത്താവേ, തലമുറ തലമുറയായി ഞങ്ങളുടെ സങ്കാതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു (സങ്കീർത്തനങ്ങൾ 9:1-2). ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവം ആകുന്നു. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും" (സങ്കീർത്തനങ്ങൾ 48:14).

രണ്ട്, ഒന്നിലധികം ദൈവം ഉണ്ടോ? തിരുവെഴുത്ത് വീണ്ടും വീണ്ടും പറയുന്നു ദൈവം ഏകൻ മാത്രമെന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു. "എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കുടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:6). ദൈവം മോശെ മുഖാന്തരം യിസ്രായേൽ ജനത്തിനു പത്തു കല്പനകൾ കൊടുത്തു പറഞ്ഞു: "അടിമ വീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യും." (പുറപ്പാട് 20:2-6). നൂറുകണക്കിനു വർഷങ്ങൾക്കു ശേഷം അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "പൗലൊസ് അരയോപക മദ്ധ്യേ നിന്നു കൊണ്ടു പറഞ്ഞതു, അഥേന പുരുഷന്മാരേ നിങ്ങൾ എല്ലാറ്റിലും

അതിഭക്തർ എന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റി നടന്നു നിങ്ങളുടെ പൂജാ സ്ഥാനങ്ങളെ നോക്കുമ്പോൾ "അജ്ഞാത ദേവന്നു" എന്ന് എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നെ ഞാൻ നിങ്ങളോടു അറിയിക്കുന്നു. ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാക കൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി. അവരുടെ നിവാസത്തിനു അതിരുകളും കാലങ്ങളും നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വെച്ചു അവനെ അന്വേഷിക്കേണ്ടതിനു തന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും. അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ "നാം അവന്റെ സന്താനമല്ലോ" എന്നു പറഞ്ഞിരിക്കുന്നു. നാം ദൈവത്തിന്റെ സന്താനം എന്നു വരികയിൽ ദൈവം മനുഷ്യന്റെ ശില്പ വിദ്യയും സങ്കല്പവും കൊണ്ടു കൊത്തിത്തീർക്കുന്ന പൊൻ, വെള്ളി, കല്ല് എന്നിവയോടു സദൃശം എന്നു നിരൂപിക്കേണ്ടതല്ല" (പ്രവൃത്തികൾ 17:22-29). അതെ ഈ ലോകത്തിൽ ധാരാളം ദേവന്മാരും ദേവതകളും ഉണ്ട്. ഇവയെല്ലാം മനുഷ്യനിർമ്മിതമാണ്. ഏതെല്ലാം രൂപത്തിലും ഭാവത്തിലും അവയെ കൊണ്ടുവരാമോ അതെല്ലാം മനുഷ്യർ ചെയ്യും. മരം കൊണ്ടും, കല്ലു കൊണ്ടും, ലോഹം കൊണ്ടും മറ്റെന്തു കൊണ്ടും അവർ ഉണ്ടാക്കും. ചില മനുഷ്യർ ദൈവമെന്ന് അവകാശപ്പെട്ടിട്ടുണ്ട്. അനേകർ പ്രകൃതിയെയും മൃഗങ്ങളെയും, പക്ഷികളെയും, ഇഴജാതികളെയും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിക്കുന്നവർ ഉണ്ട്. എന്നാൽ അവയെല്ലാം നശിച്ചുപോകുന്നവയാണ്. അവക്കൊന്നും പ്രതികരണശേഷിയില്ല. മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ജീവനുള്ള ദൈവ

ത്തിനു മാത്രമേ കഴിയു. മനുഷ്യനിർമ്മിതമായ വിഗ്രഹങ്ങൾക്കു മനുഷ്യരെ രക്ഷിപ്പാനും സാദ്ധ്യമല്ല. അതുകൊണ്ട് നാം അവയെ നമസ്ക്കരിക്കരുത്. അവയെ നമസ്ക്കരിച്ചാൽ ദൈവത്തെ തുച്ഛീകരിക്കുന്ന പ്രവൃത്തിയാണ്. ജീവനുള്ള ഏകസത്യദൈവമാണ് നമ്മെ സൃഷ്ടിച്ചത്. അവൻ ഇപ്പോഴും ജീവിക്കുകയും നമ്മെ സഹായിക്കയും രക്ഷിക്കയും ചെയ്യും. അവനിൽ മാത്രമാണ് നമുക്ക് പ്രത്യാശ ഉള്ളത്.

മൂന്ന്, ദൈവം ഉണ്ടെന്ന് നമുക്ക് എങ്ങനെ അറിയാം? അതിനു രണ്ടു വഴികൾ ഉണ്ട്. ആദ്യം, നമുക്കു ചുറ്റും കാണാവുന്ന വസ്തുക്കളിൽ നിന്ന്, അതായത് സൃഷ്ടികളിൽ നിന്നു തന്നെ, ലോകവും അതിലുള്ളതൊക്കെയും; അതിൽ നമ്മളും ഉൾപ്പെടുന്നു. ദൈവത്തെ തള്ളിക്കളഞ്ഞ്, സൃഷ്ടികളെ ദൈവമായി കരുതി ആരാധിച്ചു വന്നവരോടു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "ദൈവം തന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ" (റോമർ 1:20). രണ്ട്, ദൈവം നമ്മോട് അവന്റെ വചനമായ ബൈബിളിൽ വെളുപ്പെടുത്തിയിരിക്കുന്നു. എബ്രായ ലേഖകൻ പറഞ്ഞു, "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി" (എബ്രായർ 1:1, 2). പിന്നെ പൗലൊസ് പറഞ്ഞു, "ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു

പോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാ വിധി അനുഭവിക്കും" (2 തെസ്സലൊനിക്യർ 1:7-10). കർത്താവായ യേശു ഒരു ദിവസം തിരിച്ചു വരും. അതു ന്യായവിധി നടത്തുവാനാണ്. അങ്ങനെ ശിക്ഷിക്കുന്നതു രണ്ടുതരം ആളുകളെയാണ്. ദൈവത്തെ അറിയാത്തവരെയും കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവരെയുമാണ്. ദൈവമുണ്ടെന്നു എല്ലാവരും അറിയുകയും വിശ്വസിക്കയും വേണം (1 തിമൊഥെയൊസ് 2:4). ദൈവവചനത്തിൽ വെളിപ്പെടുത്തിയ സത്യം വായിക്കുകയോ കേൾക്കുകയോ ചെയ്തു വിശ്വസിക്കണം. ദൈവേഷ്ടത്തിൽ പെടുന്ന മറ്റൊരു കാര്യം യേശുക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടണം എന്നതാണ്. യേശുവിന്റെ യാഗം മനുഷ്യരുടെ പാപ പരിഹാരത്തിനു വേണ്ടിയായിരുന്നു. സുവിശേഷം അനുസരിക്കുവാൻ ദൈവം വഴി ഒരുക്കിയിരിക്കുന്നു. കർത്താവിന്റെ കല്പനകൾ പ്രമാണിക്കാതെ സുവിശേഷം അനുസരിക്കാൻ സാദ്ധ്യമല്ല. അതനുസരിക്കാൻ കഴിയാതെ വന്നാൽ പുറന്തള്ളപ്പെടും. കർത്താവ് വീണ്ടും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർക്ക് ശിക്ഷയാണ് ഫലം. ദൈവത്തിൽ വിശ്വസിച്ചു കർത്താവിന്റെ സുവിശേഷം അനുസരിക്കുന്നവരെ അവൻ രക്ഷിച്ച് തന്റെ സഭയോടു ചേർക്കും. അവൻ വരുമ്പോൾ അവരെ സ്വർഗ്ഗത്തിൽ നിത്യജീവനു ഓഹരിക്കാരാക്കുകയും ചെയ്യും (മർക്കൊസ് 16:15, 16).

ആകയാൽ ഇന്നും ദൈവം ഉണ്ടെന്നും, ദൈവം ഏകൻ ആണെന്നും, അവൻ ജീവനുള്ളവൻ ആണെന്നും നാം ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ കല്പനകൾ അനുസരിക്കയും വേണം, തുടർന്നു അവനെ സേവിച്ച്, ആരാധിക്കയും ചെയ്തു വിശ്വസ്തമായി ജീവിച്ചാൽ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അവൻ നമ്മെ അനുഗ്രഹിക്കും. എന്നാൽ വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6).

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To